"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ ഭവനപദ്ധതി -ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് സ്ഥലവും വീടും മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(കൈ) നം.41/2022/LSGD തീയതി,തിരുവനന്തപുരം, 28-02-2022

---

പരാമർശം:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11/01/2021 തീയതിയിലെ 3.4 നമ്പർ തീരുമാനം.

2. 12/02/2022 തീയതിയിലെ ഡിബി1/19/2022 നമ്പർ സർക്കുലർ.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 08/02/2022 തീയതിയിലെ 4456/സിസി/2019/ലൈഫ് (2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ ഭവന നിർമ്മാണം പുരോഗമിച്ചുവരുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കൾ സ്വന്തമായി വസ്തു ആർജ്ജിക്കുകയോ, തദ്ദേശസ്ഥാപനങ്ങളുടെ ധനസഹായത്തോടെ വസ്തു വാങ്ങുകയോ ആണ് ചെയ്തുവരുന്നത്. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അർഹരായ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് അവർ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തന്നെ ഭൂമി കണ്ടെത്തുന്നതിന് വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. തോട്ടം മേഖലയിൽ ഈ പ്രശ്നം വളരെ ഗൗരവമാണ്. തോട്ടം ഭൂമി കൂടുതലായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിരവധി ഗുണഭോക്താക്കളാണ് സമീപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്രകാരം ഭൂമി വാങ്ങുന്നത്. ഇത്തരം ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് നിലവിൽ ധനസഹായം നൽകേണ്ടത് ഗുണഭോക്താവിന് വസ്തു ലഭ്യമായിട്ടുള്ള തദ്ദേശ സ്ഥാപനമാണ്. തന്മൂലമുള്ള സാമ്പത്തിക ബാധ്യത ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താങ്ങാൻ സാധിക്കുകയില്ല.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭൂമി ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭിക്കാതിരിക്കുകയും അതേ ജില്ലയിൽതന്നെ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ലഭിക്കുകയും ചെയ്താൽ ടി ഭൂമി ഗുണഭോക്താക്കൾക്ക് വാങ്ങുന്നതിനുള്ള അനുമതിയും ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

ഇപ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ലഭിക്കാതിരിക്കുകയും അതേ ജില്ലയിലെ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ലഭിക്കുകയും ചെയ്താൽ സ്ഥലം ലഭ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ വീട് നിർമ്മിക്കുവാൻ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് ധനസഹായം നൽകാവുന്നതാണെന്നും അതിനായി ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണോ ഉള്ളത് ആ തദ്ദേശസ്വയംഭരണ സ്ഥാപനം (ഇപ്പോൾ സ്ഥിരമായി താമസിക്കുന്നത്) അർഹതപ്പെട്ട വിഹിതം ഭൂമി ലഭ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകാനും ഇതിൻമേലുള്ള ഹഡ്കോ വായ്പ ഭാവിയിൽ ഇതേ തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി വിഹിതത്തിൽ നിന്നും തിരികെ അടക്കേണ്ടതാണെന്നും നിഷ്കർഷിക്കാവുന്നതാണെന്നും. ഈ സാഹചര്യത്തിൽ ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കൾ അതേ ജില്ലയിലെ മറ്റൊരു തദ്ദേശ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്നപക്ഷം ഇത്തരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകാവുന്നതാണെന്നും കൂടാതെ ഭൂമി ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള തദ്ദേശ സ്ഥാപന വിഹിതം, ഹഡ്കോ ലോൺ എന്നീ ഇനങ്ങളിൽ അർഹമായ തുക ഗുണഭോക്താവ് വസ്തു ആർജ്ജിച്ച തദ്ദേശ സ്ഥാപനത്തിലേക്ക് സംയുക്ത പ്രോജക്ട് എന്ന രീതിയിൽ നൽകുന്നതിന് ഗുണഭോക്താവിനെ തെരഞ്ഞെടുത്ത തദ്ദേശ സ്ഥാപനത്തെ അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പ്രോജക്ടിന്റെ നിർവഹണവും മോണിറ്ററിങ്ങും ഗുണഭോക്താവിന് വസ്തു ഉള്ള തദ്ദേശ സ്ഥാപനം നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കൾ അതേ ജില്ലയിലെ മറ്റൊരു തദ്ദേശ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്നപക്ഷം ഇത്തരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകാവുന്നതാണെന്നും കൂടാതെ ഭൂമി ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള തദ്ദേശ സ്ഥാപന വിഹിതം, ഹഡ്കോ ലോൺ എന്നീ ഇനങ്ങളിൽ അർഹമായ തുക ഗുണഭോക്താവ് വസ്തു ആർജ്ജിച്ച തദ്ദേശ സ്ഥാപനത്തിലേക്ക് സംയുക്ത പ്രോജക്ട് എന്ന രീതിയിൽ നൽകുന്നതിന് ഗുണഭോക്താവിനെ തെരഞ്ഞെടുത്ത തദ്ദേശ സ്ഥാപനത്തെ അനുവദിക്കുന്നതിന് അനുമതി നൽകിയും പ്രോജക്ടിന്റെ നിർവഹണവും മോണിറ്ററിങ്ങും ഗുണഭോക്താവിന് വസ്തു ഉള്ള തദ്ദേശ സ്ഥാപനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ നഗരസഭാ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

മുഖേന)

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**

**Date: 02-03-2022 11:57:50**

സെക്ഷൻ ഓഫീസർ